"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - സാങ്കേതിക വിഭാഗം - കീഴ്മാട് ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണം - അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ. കെ. സ്റ്റീഫൻ, ഓവർസിയർ ശ്രീ. വി. വി. വിനോയ് എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യു) വകുപ്പ്**

**സ.ഉ.(സാധാ) നം.1086/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 10/06/2020

പരാമർശം:-1 വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 15.11.2014-ലെ 13214/ഡി3/2014/വിജ് നമ്പർ കത്ത്..

2 വിജിലൻ സ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.10.2014-ലെ ഇ7(കൃവി.18/13/സി.ആർ.ഇ) 27548/2013 നമ്പർ കത്ത്.

3 28.09.2017-ലെ 301/ഇ.ഡബ്ല്യൂ1/15/ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

4 ശ്രീ. വിനോയ് വി. വി. സമർപ്പിച്ച 20.11.2017 തീയതിയായുള്ള എതിർവാദ പത്രിക.

5 ശ്രീ. സ്റ്റീഫൻ കെ. കെ. സമർപ്പിച്ച 24.12.2017 തീയതിയായുള്ള എതിർവാദ പത്രിക.

6 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 24.09.2018-ാം തീയതിയിലെ ഇ13/13504/17/സിഇ/തസ്വഭവ നമ്പർ കത്ത്

7 സ.ഉ.(സാധാ) നം.3035/2018/തസ്വഭവ തീയതി 30.11.2018.

8 13.08.2019-ലെ എ-3639/2012 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

<u>ഉത്തരവ്</u>

കീഴ്മാട് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ മൗനാനുവാദത്തോടെ ശ്രീ. ടി. പി. നൗഷാദ്, തറയിൽ വീട്, ടിയാന്റെ ഭാര്യ ആമിന എന്നിവർ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് ഒരു നാലു നില കെട്ടിടം പണിതു എന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ ക്വിക് വെരിഫിക്കേഷനിൽ 3 സെന്റിന്റെ ആനുകൂല്യം നേടുന്നതിന് ശ്രീ. നൗഷാദ് തന്റെ അധീനതയിലുള്ള Sy.No.142/5.2ലുള്ള 1.75 Are ഭൂമിയിൽ നിന്നും 50m2 ഭൂമി ടിയാന്റെ ഭാര്യ ആമിനയ്ക്ക് ഇഷ്ടദാനമായി നൽകിയതായി കണ്ടെത്തിയിരുന്നു. ടി സ്ഥലത്ത് മൊത്തം 77.01m2 പ്ലിന്ത് ഏര്യയോടു കൂടിയ ഒരു മൂന്നുനില കെട്ടിടം പണിയുന്നതിന് (CCF+GF+1st floor) പെർമിറ്റ് അപേക്ഷ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓവർസിയർ ശ്രീ. വി. വി. വിനോയ് സൈറ്റ് ഇൻസ്പെക്ഷൻ നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. ഉമ്മിൽ സെൽമാ ബീവി കെട്ടിട നിർമ്മാണ അനുമതി നൽകുകയും കെട്ടിടനിർമ്മാണം പൂർത്തിയായ മുറയ്ക്ക് അതേ ഓവർസീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 03.02.2011-ൽ കെട്ടിട നമ്പർ അനുവദിച്ച് നൽകുകയും ചെയ്തു.

തുടർന്ന് തന്റെ കൈവശമുള്ള 1.25 Are സ്ഥലത്ത് നിലവിലുള്ള കെട്ടിടത്തിന്റെ തുടർച്ചയായി 9.31m2 സെല്ലാർ ഫ്ലോർ നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടത്തിന്റെ തുടർച്ചയായി 43.32m2 സെല്ലാർ ഫ്ലോറും 50.36m2 ഗ്രൗണ്ട് ഫ്ലോറും നിർമ്മിക്കുന്നതിനുമുള്ള പെർമിറ്റിനായി 14.02.2011-ൽ ശ്രീ. നൗഷാദ് അപേക്ഷിക്കുകയുണ്ടായി. മേൽ അപേക്ഷയിൽ സൈറ്റ് ഇൻസ്പെക്ഷന് ശേഷം ഓവർസിയർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ശ്രീ. നൗഷാദ്, ശ്രീമതി. ആമിനയുടെ കെട്ടിടത്തിനെ abut ചെയ്തുകൊണ്ട് CP+GF+1st floor എന്ന രീതിയിൽ 3 നില കെട്ടിടം പണിയുകയും ആയത് പൂർത്തിയായ മുറയ്ക്ക് കെട്ടിടനമ്പരും അനുവദിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും പ്ലിന്ത് ഏര്യായിൽ വ്യത്യാസം വരുത്തിയുമാണ് 1st floor നിർമ്മിച്ചിരിക്കുന്നത്. ആയത് ഓവർസിയർ ശ്രീ. വി. വി. വിനോയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയരായ ശ്രീ. കെ. കെ. സ്റ്റീഫൻ റഗുലറൈസ് ചെയ്തിട്ടുള്ളതായി കണ്ടെത്തിയിരുന്നു.

ടി രണ്ട് കെട്ടിടങ്ങളും പ്രത്യേകമായി നിർമ്മിക്കുന്നതിനാണ് വ്യത്യസ്ത പെർമിറ്റുകൾ നൽകിയിരുന്നതെങ്കിലും അന്വേഷണത്തിൽ ടി രണ്ട് കെട്ടിടങ്ങളും ഒറ്റ കെട്ടിടമായി കാണുന്നുവെന്നും രണ്ടു കെട്ടിടങ്ങൾക്ക് ഒരു കോമ്പൗണ്ട്

വാളും മുൻവശത്തും പിൻവശത്തും പൊതുവായ ഒരു വരാന്തയുമാണ് ഉള്ളതെന്നും കണ്ടെത്തിയിരുന്നു. അതുപോലെ ആവശ്യമായ സെറ്റ് ബാക്ക് ഇല്ലാത്തത് കാരണം KMBR 1999-ലെ Sec62(1) ലംഘിക്കപ്പെട്ടതായും കണ്ടെത്തിയിരുന്നു.

കൂടാതെ കെട്ടിട നിർമ്മാണാനുമതി ലംഘിച്ചുകൊണ്ട് ശ്രീ. നൗഷാദ് മൊത്തം ഫ്ലോർ ടോപ്പിന്റെ ഏര്യയും ഉൾക്കൊള്ളിച്ച് 76.92m2 പ്ലിന്ത് ഏര്യയുള്ള 2nd ഫ്ലോറും നിർമ്മിച്ചിട്ടുണ്ട്. ശ്രീമതി. ആമിനയുടെയും ശ്രീ. നൗഷാദിന്റെയും കെട്ടിടങ്ങളുടെ മുകളിൽ നിർമ്മിച്ച ടി നില ബാത്ത് റൂമോട്ടുകൂടിയ നാല് മുറികളായി തിരിച്ചിരുന്നു. ആയതിന്റെ മേൽക്കൂര Aluminium coated sheet ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നു. അതോടൊപ്പം വാതിലുകൾ ഘടിപ്പിച്ചിട്ടുണ്ടെന്നും ടി നിലയ്ക്ക് പൊതുവായ ഒരു വരാന്ത നിർമ്മിച്ചിരിക്കുന്നതായും കണ്ടെത്തിയിരുന്നു. കൂടാതെ 1-2 എന്നീ നിലകൾക്കിടയിൽ ചെറിയ iron ladder വച്ചിരിക്കുന്നതായും ആയത് അപകടാവസ്ഥയിൽ ആണെന്നും കണ്ടെത്തുകയുണ്ടായി. ടി അനധികൃത നിർമ്മാണം തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്.

2. മേൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കീഴ്മാട് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. കെ. കെ. സ്റ്റീഫൻ (PEN No.518792), ഓവർസിയറായിരുന്ന ശ്രീ. വി. വി. വിനോയ് (PEN No.578567) എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്ക് നടപടി സ്വീകരിച്ച് പരാമർശം 3 പ്രകാരം കുറ്റപത്രം കുറ്റാരോപണപത്രിക എന്നിവ നൽകിയിരുന്നു.

3. കുറ്റാരോപിതർ സമർപ്പിച്ച എതിർവാദപത്രികയിലെ വാദഗതികൾ ചുവടെ ചേർക്കുന്നു.

<u>ശ്രീ. വി. വി. വിനോയ്:-</u> എറണാകുളം ജില്ലയിലെ ആലുവ ഈസ്റ്റ് വില്ലേജിൽ Re.Sy.No.142-ൽ വരുന്ന 50 m2 വസ്തുവിൽ ശ്രീമതി. അമിനയ്ക്ക് BF+GF+FF എന്നീ നിലകളിലായി കെട്ടിടം പണിയുന്നതിന് 21/09/2010- ൽ A6-pt-320/10-ാം നമ്പർ പെർമിറ്റ് അനുവദിക്കുന്നതിനും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ KMBR Rules-ന് വിധേയമായി പൂർത്തീകരിച്ചതിനാൽ നമ്പറിംഗ് അനുവദിക്കുന്നതിനും ശുപാർശ ചെയ്യുകയും ഇതിന്റെ തൊട്ടടുത്ത പ്ലോട്ടിൽ ടിയാളുടെ ഭർത്താവ് ശ്രീ. നൗഷാദിന് Re-Sy.No.142/5 പ്രകാരമുള്ള 125m2 വസ്തുവിൽ നിലവിലുണ്ടായിരുന്ന XI/246A-ാം നമ്പർ വാസഗൃഹത്തിന്റെ മുകളിൽ 50.36m2+Stair Area 9.31M2 ചേർത്ത് 59.67m2 പണിയുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. ശ്രീ. നൗഷാദ് തന്റെ പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന വാസഗൃഹം പൊളിച്ചു നീക്കി BF+GR+FF കെട്ടിടം പണിയുകയും ആദ്യ പെർമിറ്റ് ഉടമസ്ഥനായ ടിയാന്റെ ഭാര്യയുടെ കെട്ടിടത്തിന്റെ Sunshade-നോട് ചേർത്ത് അതേ ഉയരത്തിൽ സൺഷെയ്ഡ് പണിയുകയും BF&FF അധികരിച്ച പണിത്, compounding fee അടച്ച് റെഗുലറൈസേഷൻ നടത്തി നമ്പർ വാങ്ങിയിട്ടുള്ളതുമാകുന്നു. തുടർന്നും ടിയാനും ഭാര്യയും ചേർന്ന് അനുമതിയില്ലാതെ ഷീറ്റ് റൂഫിംഗ് നടത്തി ഒരു നില (2nd Floor) അധികരിച്ച പണിതിട്ടുള്ളതും, സൺഷെയ്ഡിൽ സ്റ്റീൽ ഹാൻഡ്റെയിൽ സ്ഥാപിച്ച് പാസേജ് ആയി പരിവർത്തനം നടത്തുകയും കെട്ടിടത്തിൽ ഇതിനായി പല പരിവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ Appendix-III (See. Rule 5(1) and Rule 144(1)) പ്രകാരമുള്ള അപേക്ഷ ഫാറത്തിലാണ് ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷ സമർപ്പിക്കുന്നത്. ഇതിൽ എവിടെയും അപേക്ഷകന് വസ്തു എങ്ങനെ ലഭിച്ചു എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ട ആവശ്യമില്ല. KMBR Rules പ്രകാരം ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിക്ക് നിരാക്ഷേപ സാക്ഷ്യപത്രം നൽകാൻ അനുവദിക്കുന്നുമുണ്ട്. ആയതിനാൽ KMBR Rules പ്രകാരം അപേക്ഷ നിരസിക്കാൻ നിർവ്വാഹമില്ലെന്ന് ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ആദ്യ പെർമിറ്റ് അനുവദിക്കുകയും നമ്പർ അനുവദിക്കുകയും ചെയ്തത് ഉമ്മിൽ സെൽമാബീവി എന്ന സെക്രട്ടറിയാണ്. രണ്ടാമത്തെ പെർമിറ്റിൽ നിലവിലുള്ള വാസഗൃഹത്തിന്റെ മുകളിൽ ഒരു നില അധികരിച്ച് പണിയുന്നതിന് മാത്രമാണ് താൻ ശുപാർശ ചെയ്തിട്ടുള്ളത്. പെർമിറ്റ് അനുവദിച്ച ഒരാഴ്ച്ചയ്ക്കുള്ളിൽ താൻ ടി പഞ്ചായത്തിൽ നിന്നും സ്ഥലം മാറി പോയിരുന്നുവെന്നും ബോധിപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. കെ. സ്റ്റീഫൻ</u> :- ശ്രീമതി. ആമിനയുടെ കെട്ടിടത്തിന് 30.12.2010-ന് ഓവർസിയറുടെ ശുപാർശയോടുകൂടി മുൻ സെക്രട്ടറി ശ്രീമതി. ഉമ്മിൽ സെൽമാബീവി പെർമിറ്റ് നൽകുകയും 25.01.2011-ന് നമ്പറിംഗ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീ. നൗഷാദിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓവർസിയർ സൈറ്റ് പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം KMBR 1999-ന് വിധേയമായി ബേസ്മെന്റ് ഫ്ളോറിനും, ഗ്രൗണ്ട് ഫ്ളോറിനുമാണ് താൻ 23.02.11-ൽ നിർമ്മാണ അനുമതി നൽകിയത്. ശ്രീ. നൗഷാദ് പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന വാസഗൃഹം പൊളിച്ചുനീക്കി BF-GF-FF കെട്ടിടം പൂർത്തീകരിച്ച് 26.08.2011-ന് റഗുലറൈസ് ചെയ്ത് നമ്പർ അനുവദിക്കുന്നതിന് അപേക്ഷ നൽകുകയും താൻ സൈറ്റ് പരിശോധിച്ചതിൽ ടിയാന്റെ കെട്ടിടം ടിയാന്റെ ഭാര്യയായ ആമിനയുടെ കെട്ടിടത്തിനോട് ചേർന്നാണെങ്കിലും Separate coloum, beam ഭിത്തി എന്നിവ ഉൾപ്പെടുത്തിയാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നതെന്നും ഏരിയ 59.67 മീറ്റർ സ്ക്വയർ നിന്ന് 153.75ന്

അധികരിച്ചെങ്കിലും KMBR പ്രകാരമാണ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെട്ടതിനാൽ കെട്ടിട നമ്പർ അനുവദിക്കുന്നതിന് സെക്രട്ടറിക്ക് ശുപാർശ ചെയ്യുകയും ചെയ്തു. കെട്ടിട ഉടമകൾ Appendix-III(Sec Rule 5(1) and Rule 144(1) പ്രകാരമുള്ള അപേക്ഷ ഫോറത്തിൽ രണ്ടു വ്യത്യസ്ത സമയങ്ങളിലാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 26.08.2011-ന് നമ്പറിംഗ് കഴിഞ്ഞ് കെട്ടിട ഉടമ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നടത്തിയ അനധികൃത നിർമ്മാണങ്ങളിൽ 2 വർഷവും 9 മാസവും കഴിഞ്ഞ് കണ്ടെത്തിയ അനധികൃത നിർമ്മാണത്തിലെ അപാകതകളാണ് തനിക്കെതിരെ ആരോപിച്ചിരിക്കുന്നത്. 20.01.2012-ൽ താൻ ഇടപ്പള്ളി ബ്ലോക്കിന്റെ കീഴിലുള്ള എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ആയി പോയിരുന്നു. ആയതിനാൽ നമ്പറിംഗ് നൽകിയശേഷം നടന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് താൻ ഉത്തരവാദിയല്ല.

4. KMBR 60-നു സമാന്തരമായിട്ടുള്ള KPBR 62 പ്രകാരം ചെറു പ്ളോട്ടിലെ നിർമ്മാണങ്ങൾക്കുള്ള വ്യവസ്ഥകളുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ സമർപ്പിച്ച മറുപടി തൃപ്തികരമല്ലെന്നും KPBR 62-ന്റെ ലംഘനമുണ്ടെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. അംഗീകൃത പ്ലാൻ പ്രകാരവും, കംപ്ളീഷൻ പ്ലാൻ പ്രകാരവും ശ്രീ. നൗഷാദിന്റെയും ഭാര്യ ശ്രീമതി. ആമിനയുടെയും കെട്ടിടങ്ങൾക്ക് 2 മീ. front set back ആണ് ഉള്ളത് എന്നാൽ നിലവിൽ ഇതിലേക്ക് 1.6മീ വീതിയിൽ പാസേജ് പുറത്തേക്ക് തള്ളി നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. ആയതിനാൽ നിലവിൽ KMBR റൂൾ 62(1) ലംഘിച്ചിരിക്കുന്നു. ടി രണ്ടു കെട്ടിടങ്ങൾക്കും നിലവിൽ പുറകുവശത്ത് open stair ഉം 1 മീ. വീതിയിൽ പാസേജും അതിർത്തിയോട് ചേർത്ത് പണിതിരിക്കുന്നതുമൂലം KPBR 64(4) (KMBR 62(3)) ലംഘിച്ചിരിക്കുന്നതായും ആമിനയുടെ കെട്ടിടത്തിന് ഒരുവശത്ത് (south side) പാസേജ് പണിതിരിക്കുന്നതുമൂലം ആവശ്യമായ സെറ്റ് ബാക്ക് ലഭിക്കുന്നില്ല എന്നും ആയതിനാൽ KPBR 64(3) (KMBR 62(2)) ലംഘനവും നിലവിലുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലപരിശോധനയിൽ ടി രണ്ട് കെട്ടിടങ്ങൾ ഒരു കോമ്പൗണ്ടിനുള്ളിൽ ഒറ്റ കെട്ടിടമായാണ് കാണുന്നത്. ആയതിനാൽ 3 സെന്റിന്റെ ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്ന് കാണുന്നു. കുറ്റാരോപിതരുടെ മറുപടിയിൽ പരാമർശിച്ചിരിക്കുന്നതു പോലെ ടി പാസേജുകളുടെ നിർമ്മാണം കംപ്ളീഷൻ നൽകിയതിനു ശേഷം ചെയ്തതാണെന്ന് അനുമാനിക്കാൻ സാധിക്കുകയില്ലെന്നും കംപ്ളീഷൻ പ്ലാനിൽ ടി നിർമ്മാണങ്ങൾ കാണിക്കാതെ KPBR 61(1), 64(3), 64(4) ചട്ട ലംഘനങ്ങൾ ഉള്ള ശ്രീമതി. ആമിനയുടെ കെട്ടിടത്തിന് ശ്രീ. വിനോയ് വി. വി. ഓവർസിയറും, KPBR 64(1), 64(3) ചട്ടലംഘനങ്ങൾ ഉള്ള ശ്രീ. നൗഷാദിന്റെ കെട്ടിടത്തിന് ശ്രീ. കെ. കെ. സ്റ്റീഫൻ, അസിസ്റ്റന്റ് എഞ്ചിനീയറും കംപ്ളീഷൻ പ്ളാൻ ശുപാർശ ചെയ്തതായി കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. കെ. കെ. സ്റ്റീഫൻ 31/7/2018-ൽ വാഴക്കുളം ഗ്രാമപഞ്ചായത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

5. കുറ്റാരോപിതരുടെ എതിർവാദപത്രിക, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ അഭിപ്രായക്കുറിപ്പ് എന്നിവ പരിഗണിക്കുമ്പോൾ കുറ്റാരോപിതർക്കെതിരായ ആരോപണങ്ങൾ നിലനിൽക്കുന്നതാണെന്ന് ബോധ്യപ്പെട്ടതിനാൽ ടി ഉദ്യോഗസ്ഥർക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി കോട്ടയം പി.ഐ.യു.വിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. വി. സുരേഷ് കുമാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയിരുന്നു. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. ആലുവ ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് 32-ൽ റീസർവ്വെ നമ്പർ 142/5-2 ൽ പെട്ട 50 ച.മീറ്റർ വസ്തുവിൽ കീഴ്മാട് കരയിൽ തറയിൽ ശ്രീ. നൗഷാദ് ഭാര്യ ആമിന പേർക്ക് cellar: 25.67M2, GF 25.67M2, FF 25.67M2 ആയി ഉള്ള 77.01M2 നിർമ്മാണത്തിന് 21/09/2010-ൽ നിർമ്മാണ അനുമതി നൽകിയിട്ടുള്ളതായി കാണുന്നു. ഓവർസിയറായ ശ്രീ. വിനോയ് വി. വി. യുടെ ശുപാർശയിന്മേൽ പഞ്ചായത്ത് സെക്രട്ടറിയാണ് അനുമതി നൽകിയിട്ടുള്ളത്. തുടർന്ന് ടി കെട്ടിടത്തിന് 03/02/2011-ൽ ടി ഓവർസിയറുടെ ശുപാർശയോട് കൂടി തന്നെ സെക്രട്ടറി കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതായും കാണുന്നു. ടി അനുമതി, നമ്പറിംഗ് ഇവ നൽകിയിട്ടുള്ളതിൽ ടി സമയത്ത് ചാർജ്ജുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ആയ ശ്രീ. കെ. കെ. സ്റ്റീഫന് പങ്കുള്ളതായി കാണുന്നില്ല. ടി നിർമ്മാണത്തിന്റെ പിറക് വശത്ത് ഓപ്പൺ സ്റ്റെയറും 1 മീറ്റർ വീതിയിൽ പാസ്സേജും അതിർത്തിയോട് ചേർന്ന് നിർമ്മിച്ചിട്ടുള്ളതിനാൽ ടി നിർമ്മാണത്തിന് KPBR 64(4) (KMBR 63(3))-ന്റെ ലംഘന മുള്ളതായി കാണുന്നു. കൂടാതെ ടി കെട്ടിടത്തിന്റെ ഒരു വശത്ത് ഓപ്പൺ യാർഡിലേക്ക് തള്ളി പാസ്സേജ് നിർമ്മിച്ചിരിക്കുന്നതിനാൽ നിർമ്മാണത്തിൽ KPBR 64(3)-ന്റെ ലംഘനവും ഉണ്ട്.

2. ആലുവ ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് 32-ൽ റീസർവ്വെ നമ്പർ 142/5-ൽപെട്ട 1.25 Ares സ്ഥലത്ത് നിലവിൽ ഉള്ള കെട്ടിടത്തോട് കൂട്ടിചേർത്ത് 9.31M2 Basement Floor, 5 0 .36M2 Ground Floor ഉൾപ്പടെ 59.67M2 നിർമ്മാണത്തിന് ശ്രീ. നൗഷാദിന് ഓവർസിയറായ ശ്രീ. വിനോയ് വി. വി. യുടെ റിപ്പോർട്ട് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. കെ. കെ. സ്റ്റീഫൻ, 23/02/2011-ൽ നിർമ്മാണ അനുമതി നൽകിയിട്ടുള്ളതാണ്. തുടർന്ന് വസ്തു ഉടമസ്ഥനായ ശ്രീ. നൗഷാദ് നിലവിലുള്ള നിർമ്മാണം പൂർണ്ണമായും പൊളിച്ചുമാറ്റി Basement Floor, Ground Floor, First Floor ആയി 153.75M2 നിർമ്മാണമായി പൂർത്തീകരിക്കുകയും ആയത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയിന്മേൽ സെക്രട്ടറി ക്രമവൽക്കരണം നടത്തി കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതായും കാണുന്നു. ടി കെട്ടിടത്തിലും മുൻ വശത്തും പിറക് വശത്തും തുറസായ സ്ഥലത്തേക്ക് പാസ്സേജ് നിർമ്മിച്ചിട്ടുള്ളതാണ്. ആയത് KPBR ചട്ടം 64(2), (4)-ന്റെ ലംഘനമാണ്. ടി രണ്ട് കെട്ടിടങ്ങളും ഒന്നായിട്ടാണ് നിലവിൽ കാണുന്നതും ഉപയോഗിച്ച് വരുന്നതും കൂടാതെ അനുമതി ഇല്ലാതെ രണ്ട് കെട്ടിടങ്ങളുടെയും Second Floor പൊതുവായി ഷീറ്റ് റൂഫിംഗ് നടത്തി 4 അറ്റാച്ച്ഡ് റൂമായി നിർമ്മിച്ച് ഉപയോഗിച്ച് വരുന്നു. നിലവിൽ ടി നിർമ്മാണത്തിന് KPBR Rule 28(1), 27(2), (3), (4), (5), 38 എന്നിവയുടെ ലംഘനമുണ്ട്.

6. കുറ്റാരോപിതരെ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 11.10.2019-ൽ നേരിൽ കേട്ട വേളയിൽ പ്രതിവാദപത്രികയിൽ പറഞ്ഞിരുന്നവയിൽ നിന്നും അധികമായി യാതൊന്നും ബോധിപ്പിച്ചിരുന്നില്ല.

- ശ്രീമതി ആമിനയുടെ അപേക്ഷയിന്മേൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി കൊടുത്തതും കെട്ടിട നമ്പർ അനുവദിച്ച് കൊടുത്തതും ഓവർസിയർ ശ്രീ. വിനോയിയുടെ ശുപാർശയിന്മേൽ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഉമ്മിൽ സെൽമാ ബീവിയാണ്. ഇതിൽ അസി. എഞ്ചിനിയർ ശ്രീ. സ്റ്റീഫന് പങ്കുള്ളതായി കാണുന്നില്ല. ഈ കെട്ടിടത്തിന് KPBR 64(4), KPBR 64(3) എന്നീ ലംഘനങ്ങൾ ഉണ്ടെന്ന് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- തന്റെ സ്ഥലത്ത് നിലവിലുള്ള കെട്ടിടത്തോട് കൂട്ടിച്ചേർത്ത് പണിയുന്നതിനായി ശ്രീ. നൗഷാദ് സമർപ്പിച്ച നിർമ്മാണ അനുമതിക്കുള്ള അപേക്ഷയിൽ ഓവർസിയർ ശ്രീ. വിനോയിയുടെ ശുപാർശ പ്രകാരം അസി. എഞ്ചിനിയർ ശ്രീ. സ്റ്റീഫൻ നിർമ്മാണ അനുമതി കൊടുത്തു. ഇതിന് ശേഷം ഓവർസിയർ ശ്രീ. വിനോയ് ഈ ഓഫിസിൽ നിന്നും സ്ഥലംമാറി പോയി. ശ്രീ. നൗഷാദ് തനിക്ക് ലഭിച്ച നിർമ്മാണ അനുമതിയിൽ നിന്ന് വ്യതിചലിച്ച് കൊണ്ട് തന്റെ പഴയ കെട്ടിടം പൊളിച്ച് കളഞ്ഞ് പുതിയ കെട്ടിടം പണിയുകയും അങ്ങനെ പുതുതായി നിർമ്മിച്ച കെട്ടിടം KMBR ചട്ടങ്ങൾ അനുസരിച്ചായിരുന്നതിനാൽ നിർമ്മാണ അനുമതിയിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തിയിതിനുള്ള ഫീസ് ഈടാക്കി ക്രമവൽക്കരണം നടത്തി കെട്ടിട നമ്പർ അനുവദിക്കുവാൻ അസി. എഞ്ചിനിയർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2011 സെപ്റ്റംബർ മാസത്തിൽ സെക്രട്ടറി നമ്പർ അനുവദിച്ച് നൽകുകയും ചെയ്തു എന്നാണ് ശ്രീ. സ്റ്റീഫൻ ബോധിപ്പിച്ചിട്ടുള്ളത്. ഇതിന് ശേഷം ശ്രീ. സ്റ്റീഫൻ ജനുവരി 2012-ന് ടി ഓഫിസിൽ നിന്നും സ്ഥലം മാറി പോകുകയും ചെയ്തു.
- താൻ ശുപാർശ ചെയ്യുന്ന സമയം ശ്രീ. നൗഷാദിന്റെ കെട്ടിടത്തിന് KMBR ലംഘനങ്ങളൊന്നും ഇല്ലാതിരുന്നെന്നും പിന്നീട് വന്ന കൂട്ടിച്ചേർക്കലുകളാകാം ഏകദേശം രണ്ടര വർഷങ്ങൾക്ക് ശേഷം നടത്തിയ വിജിലൻസിന്റെ പരിശോധനയിൽ കണ്ടെത്തിയതെന്നുമുള്ള ശ്രീ. സ്റ്റീഫന്റെ വാദം പക്ഷേ ചീഫ് എൻജിനീയർ തള്ളിക്കളയുന്നു. ഈ സൈറ്റിൽ കണ്ട പ്രവർത്തികൾ പിന്നീട് കൂട്ടിച്ചേർത്തതാണെന്ന് അനുമാനിക്കാൻ കഴിയില്ല എന്നാണ് ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ഈ കൂട്ടിച്ചേർക്കലുകൾ കെട്ടിടം നിർമ്മിച്ച സമയത്ത് തന്നെ നടത്തിയതാണ് എന്ന് സംശയാതീതമായി തെളിയിക്കുവാൻ ചീഫ് എഞ്ചിനിയർക്കോ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനോ കഴിഞ്ഞിട്ടുമില്ല.
- നിലവിൽ പ്രസ്തുത കെട്ടിടങ്ങളിൽ KPBR ചട്ട ലംഘനങ്ങൾ ഉണ്ട് എന്നത് വാസ്തവമാണ്. ആയതിന് നടപടികൾ കൈക്കൊണ്ട് വരികയും ഇത് സംബന്ധിച്ച് നിയമ നടപടികൾ തുടർന്നു വരികയുമാണ് എന്ന് ചീഫ് എൻജിനീയർ

അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ ചട്ട ലംഘനങ്ങൾ ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ കാലത്ത് തന്നെ ഉണ്ടായിരുന്നതാണോ അതോ പിന്നീട് നടത്തിയ കൂട്ടിച്ചേർക്കലുകൾ കൊണ്ട് ഉണ്ടായതാണോ എന്ന് സംശയാതീതമായി തെളിയിക്കുവാൻ തക്ക വിവരങ്ങൾ അന്വേഷണ റിപ്പോർട്ടിൽ ഇല്ല.

- ലഭ്യമായ വിവരങ്ങൾ പരിശോധിക്കുമ്പോൾ ശ്രീമതി. ആമിനയുടെ കെട്ടിടത്തിന് നിർമ്മാണ പെർമിറ്റിനും കെട്ടിട നമ്പർ അനുവദിക്കുന്നതിനും ശുപാർശ ചെയ്തതും ശ്രീ. നൗഷാദിന്റെ കെട്ടിട നിർമ്മിതിയ്ക്ക് നിർമ്മാണ അനുമതി ശുപാർശ ചെയ്തതും ഓവർസിയർ ശ്രീ. വി. വി. വിനോയ് ആണ്. എന്നാൽ ശ്രീ. നൗഷാദിന്റെ കെട്ടിടത്തിന് നമ്പർ അനുവദിച്ചത് ടിയാന്റെ കാലത്തല്ല.
- ശ്രീ. നൗഷാദിന്റെ കെട്ടിടത്തിന് നമ്പർ അനുവദിച്ചത് അസി. എഞ്ചിനിയർ ശ്രീ. കെ. കെ. സ്റ്റീഫന്റെ ശുപാർശയിൽ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീ. മജീദ് ആണ്. അന്ന് സൈറ്റ് പരിശോധനയ്ക്ക് പഞ്ചായത്ത് സെക്രട്ടറി ചുമതലപ്പെടുത്തിയതനുസരിച്ച് പഞ്ചായത്ത് ക്ലാർക്ക് ആണ് പോയതെന്നും ടിയാന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് താൻ നമ്പർ അനുവദിക്കുന്നതിന് ശുപാർശ ചെയ്തത് എന്നുമാണ് ശ്രീ. സ്റ്റീഫൻ നേരിൽ കേട്ട വേളയിൽ അറിയിച്ചത്.

7. ഇപ്പോൾ (കെട്ടിടം പൂർത്തിയായി ഏകദേശം രണ്ടര വർഷങ്ങൾക്ക് ശേഷം) വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള ചട്ട ലംഘനങ്ങൾ ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ കാലത്തോ അവരുടെ അറിവോടെയോ ആണോ ഉണ്ടായിട്ടുള്ളത് അതോ അതിനു ശേഷം പിന്നീട് കൂട്ടിച്ചേർക്കൽ വരുത്തിയതാണോ എന്നതിന് വ്യക്തമായ തെളിവോ രേഖകളോ ഇല്ല. കൂടാതെ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരമാണെങ്കിലും സാങ്കേതികപരമായ വിഷയങ്ങളിൽ ക്ലാർക്ക് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശുപാർശ നൽകേണ്ട ബാധ്യത അസിസ്റ്റന്റ് എഞ്ചിനിയർക്ക് ഇല്ല. പ്രായോഗിക തലത്തിലും ഇത് സാധ്യമല്ല. സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള വിഷയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനിയർ നേരിട്ടോ ഓവർസീയറുടെ റിപ്പോർട്ട് മുഖേനയോ ശുപാർശ തേടുന്നതാണ് അഭികാമ്യമെന്നും ചീഫ് എൻജിനീയർ അറിയിച്ചിരുന്നു.

8. കെട്ടിടം പൂർത്തിയായി ഏകദേശം രണ്ടര വർഷങ്ങൾക്ക് ശേഷം വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള ചട്ട ലംഘനങ്ങൾ, ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ കാലത്തോ അവരുടെ അറിവോടെയോ ആണ് ഉണ്ടായിട്ടുള്ളത് അതോ അതിനു ശേഷം പിന്നീട് കൂട്ടിച്ചേർക്കൽ വരുത്തിയതാണോ എന്നതിന് വ്യക്തമായ തെളിവോ രേഖകളോ ഇല്ലാത്ത സാഹചര്യത്തിൽ, സർവ്വീസിൽ നിന്ന് വിരമിച്ച അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. കെ. കെ. സ്റ്റീഫനെ തുടർ നടപടികളിൽ നിന്നും ഒഴിവാക്കിയും KMBR ചട്ട ലംഘനങ്ങളോടെ ശ്രീമതി. ആമിനയുടെ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് ശുപാർശ ചെയ്ത കീഴ്ലാട് ഗ്രാമപഞ്ചായത്തിലെ ഓവർസീയർ ശ്രീ. വി. വി. വിനോയ്-ടെ ഒരു വാർഷിക ഇൻക്രെമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ടും ടി ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിൽ തീർപ്പ് കൽപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുകുട്ടന് എം എസ്**
**അഡിഷണൽ സെക്രട്ടറി**

1 . ശ്രീ. കെ. കെ. സ്റ്റീഫൻ, (PEN No.518792), മുൻ അസിസ്റ്റന്റ് എഞ്ചിനീയർ,

കീഴ്ലാട് ഗ്രാമപഞ്ചായത്ത്. (തദ്ദേശ സ്വയംഭരണ വകുപ്പ്

2. ശ്രീ. വി. വി. വിനോയ്, (PEN No.578567), മുൻ ഓവർസീയർ ചീഫ്എഞ്ചിനീയർ

കീഴ്ലാട് ഗ്രാമപഞ്ചായത്ത്. മുഖാന്തിരം)

3. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.

5. ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

6. വിജിലൻസ് (ഡി) വകുപ്പ്.

7. തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്. (UO (N) No.79154/EPB3/2014/LSGD dated 27.04.2015)

8. തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ-3) വകുപ്പ്.

9. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by
SREEKANTH G
Date: 2020.06.11 10:19:17 IST
Reason: Approved

സെക്ഷൻ ഓഫീസർ